# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2350 | 15/07/2011-ൽ മറുപടിക്ക്

## വൈക്കം പ്രീ മെട്രിക് ഹോസ്റ്റൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആയി ഉയർത്താൻ നടപടി

| ചോദ്യം<br>ശ്രീ. കെ. അജിത്: | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈക്കത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന എസ്.സി. / എസ്.ടി. പ്രീമെട്രിക് ഹോസ്റ്റലിൽ എത്ര കുട്ടികൾക്ക് പ്രവേശനമുണ്ട്; ഈ ഹോസ്റ്റൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആയി ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; | (എ) വൈക്കത്ത് പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ 30 കുട്ടികൾക്ക് പ്രവേശനം നൽകുവാനുള്ള സൗകര്യങ്ങളുണ്ട്. ഈ അദ്ധ്യയന വർഷം 29 കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.<br><br>10-ാം ക്ലാസ്സുവരെയുള്ള കുട്ടികളെ പ്രവേശിപ്പിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയ പദ്ധതിയാണ്. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തി വരുന്നു. ഈ സാഹചര്യത്തിൽ വൈക്കം പ്രീമെട്രിക് ഹോസ്റ്റൽ പോസ്റ്റ്മെട്രിക് ആയി ഉയർത്തുന്നത് പ്രായോഗികമല്ല. |
| (ബി) ഇല്ലെങ്കിൽ നിലവിലെ ഹോസ്റ്റലിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് ഒരു പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) നിലവിൽ പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള സൗകര്യം ഇല്ല. |

സെക്ഷൻ ആഫീസർ